**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 337** **01-07-2024 - ൽ മറുപടിയ്ക്ക്**

**സേവന മേഖലയിലെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സേവന മേഖലയിലെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് സേവന മേഖലയിലെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം ക്രിയാത്മകമായി<br><br>പ്രവർത്തിച്ചുവരുന്നു. AI അടക്കമുള്ള (BIFA അഥവാ Business Intelligence & Fraud Analytics) നൂതന സാങ്കേതിക വിദ്യയുടെ പിൻബലത്തോടെയും രഹസ്യ അന്വേഷണം, ഇൻഫോർമേഴ്സ്, പരാതികൾ, നിരന്തരമായ അനുസരണ ആസൂത്രണം വഴി നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകളുടെ കൃത്യതയും പൂർണ്ണതയും പരിശോധിക്കുകയും, നികുതി വെട്ടിപ്പുകളെ സംബന്ധിച്ച സൂചനകൾ കൃത്യമായി അപഗ്രഥിച്ച് അന്വേഷണം നടത്തുകയും ആയതിലൂടെ നികുതി വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും ഉറപ്പ് വരുത്തി സേർച്ച്/ ഇൻസ്പെക്ഷൻ നടത്തി പെനാൽറ്റിയും നികുതിയും ഈടാക്കുന്നു. |
| (ബി) | പ്രസ്തുത മേഖലയിൽ നികുതിവെട്ടിപ്പ് കണ്ടെത്തുന്നതിനും തടയുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | വിവരസാങ്കേതിക വിദ്യയുടെ പിൻബലത്തോടെയും രഹസ്യ അന്വേഷണം, ഇൻഫോർമേഴ്സ്, പരാതികൾ എന്നിവയിലൂടെയും ലഭിക്കുന്ന നികുതി വെട്ടിപ്പുകളെ സംബന്ധിച്ച സൂചനകൾ വകുപ്പ് കൃത്യമായി അപഗ്രഥിച്ച് അന്വേഷണം നടത്തുകയും ആയതിലൂടെ നികുതി വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും ഉറപ്പ് വരുത്തി സേർച്ച്/ ഇൻസ്പെക്ഷൻ നടത്തി പെനാൽറ്റിയും നികുതിയും ഈടാക്കുന്നു. |
| (സി) | സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ സംബന്ധിച്ച് സേവനമേഖല താരതമ്യേന ഒരു പുതിയ മേഖലയാണ് എന്നതിനാൽ നികുതി പിരിവ്, നികുതി വെട്ടിപ്പ് തടയൽ തുടങ്ങിയ പ്രവർത്തനങ്ങൾ | (സി) | വകുപ്പിലെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം സേവനമേഖലയിൽ വിശദമായി പരിശോധനകൾ നടത്തുകയും ഗണ്യമായ തോതിലുള്ള നികുതി വെട്ടിപ്പ് കണ്ടെത്തുകയും, ആയതുപ്രകാരം മുൻ സാമ്പത്തിക വർഷത്തിൽ |

| | | | |
|---|---|---|---|
| | കാര്യക്ഷമമാകാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ? | | ഏകദേശം 800 കോടി രൂപയിലധികം സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.നികുതി പിരിവ്, നികുതി വെട്ടിപ്പ് തടയൽ തുടങ്ങിയ പ്രവർത്തനങ്ങൾ കാര്യക്ഷമമാകാത്ത സാഹചര്യം നിലവിലില്ല. സേവനമേഖലയിൽ കർശന പരിശോധനകൾ  നടന്നുവരികയാണ്. |

സെക്ഷൻ ഓഫീസർ